**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6296** **20-03-2023 - ൽ മറുപടിയ്ക്ക്**

**ട്രൈബൽ സെറ്റിൽമെന്റുകളിൽ നിന്നുള്ള കുടുംബങ്ങളുടെ പുനരധിവാസം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. സിദ്ദിഖ്,<br>ശ്രീ. സജീവ് ജോസഫ് | | ശ്രീ. കെ. രാധാകൃഷ്ണൻ<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) | |
| (എ) | മുൻ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ സംസ്ഥാനത്ത് എത്ര ട്രൈബൽ സെറ്റിൽമെന്റുകളിൽ നിന്നുള്ള എത്ര കുടുംബങ്ങളെ പുനരധിവസിപ്പിച്ചിട്ടുണ്ട്; ഇതിനായി നാളിതുവരെ എത്ര തുക ചെലവഴിച്ചിട്ടുണ്ട്; | (എ) | **മുൻ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ ആദിവാസി പുനരധിവാസ വികസന മിഷൻ മുഖേന 27 ട്രൈബൽ സെറ്റിൽമെന്റുകളിൽ നിന്നും വിവിധ കാരണങ്ങളാൽ 354 പട്ടികവർഗ്ഗ കുടുംബങ്ങളെ മാറ്റി പാർപ്പിക്കുന്നതിന് 21,26,86,315/- രൂപ ഇതുവരെ ചെലവഴിച്ചിട്ടുണ്ട്.**<br><br>**വയനാട് ജില്ലയിൽ വനം വകുപ്പ് മുഖേന നടപ്പിലാക്കുന്ന സ്വയം സന്നദ്ധ പുനരധിവാസ പദ്ധതി പ്രകാരം 5 സെറ്റിൽമെന്റുകളിൽ നിന്നായി 63 കുടുംബങ്ങളെ മാറ്റി പാർപ്പിക്കുന്നതിനായി 6,30,00,000/- രൂപ വനം വന്യജീവി വകുപ്പ് ചെലവഴിച്ചിട്ടുണ്ട്.** |
| (ബി) | ട്രൈബൽ സെറ്റിൽമെന്റുകളിലുള്ളവരെ പുനരധിവസിപ്പിക്കുമ്പോൾ സ്വാഭാവിക ആവാസ വ്യവസ്ഥയിൽ ഉണ്ടാകുന്ന മാറ്റം പ്രസ്തുത വിഭാഗത്തിൽപ്പെട്ടവരെ ഏത് രീതിയിൽ ബാധിക്കും എന്നത് സംബന്ധിച്ച് എന്തെങ്കിലും പഠനം നടത്തിയതിന്റെ അടിസ്ഥാനത്തിലാണോ മേൽപ്പറഞ്ഞ പ്രകാരം പുനരധിവാസ നടപടികൾ നടപ്പാക്കിയത്; എങ്കിൽ പ്രസ്തുത പഠനത്തിലെ കണ്ടെത്തലുകൾ എന്തൊക്കെയായിരുന്നു; വിശദാംശം വ്യക്തമാക്കുമോ; | (ബി) | **ഇത്തരത്തിൽ ശാസ്ത്രീയമായ ഒരു പഠനം വകുപ്പിന്റെ ആഭിമുഖ്യത്തിൽ നടത്തിയിട്ടില്ല . എന്നാൽ വയനാട് ജില്ലയിൽ വനം വന്യജീവി വകുപ്പ് മുഖേന നടത്തുന്ന സ്വയം സന്നദ്ധ പുനരധിവാസ പദ്ധതിയെ വിലയിരുത്തി പട്ടികവർഗ്ഗ വികസന വകുപ്പിന്റെ ആഭ്യന്തര കണക്ക് പരിശോധനാ വിഭാഗം ഒരു റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പുനരധിവാസ പദ്ധതിയുടെ പരിണിതഫലത്തെക്കുറിച്ച് പഠനം നടത്തുന്നത് ഉൾപ്പെടെയുള്ള ശുപാർശകളിന്മേൽ ആവശ്യമായ നടപടി സ്വീകരിച്ചു വരുന്നു.** |
| (സി) | മേൽപ്പറഞ്ഞ പ്രകാരം പുനരധിവസിപ്പിച്ച കുടുംബങ്ങൾ പുതിയ ആവാസ വ്യവസ്ഥയെ ഉൾക്കൊള്ളുവാൻ സാധിക്കാത്തതിന്റെ മാനസിക സമ്മർദ്ദത്തെ തുടർന്ന് പ്രതിസന്ധി നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് സർക്കാർ ഗൗരവത്തോടെ കാണുന്നുണ്ടോ; വിശദാംശം വ്യക്തമാക്കുമോ? | (സി) | **ഇത്തരത്തിൽ ശാസ്ത്രീയമായ ഒരു പഠനം വകുപ്പിന്റെ ആഭിമുഖ്യത്തിൽ നടത്തിയിട്ടില്ല . എന്നാൽ വയനാട് ജില്ലയിൽ വനം വന്യജീവി വകുപ്പ് മുഖേന നടത്തുന്ന സ്വയം സന്നദ്ധ പുനരധിവാസ പദ്ധതിയെ വിലയിരുത്തി പട്ടികവർഗ്ഗ വികസന വകുപ്പിന്റെ ആഭ്യന്തര കണക്ക് പരിശോധനാ വിഭാഗം ഒരു റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ടിന്റെ** |

| | | | |
|---|---|---|---|
| | | | **അടിസ്ഥാനത്തിൽ പുനരധിവാസ പദ്ധതിയുടെ പരിണിതഫലത്തെക്കുറിച്ച് പഠനം നടത്തുന്നത് ഉൾപ്പെടെയുള്ള ശുപാർശകളിന്മേൽ ആവശ്യമായ നടപടി സ്വീകരിച്ചു വരുന്നു.** |

സെക്ഷൻ ഓഫീസർ